**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.856 06.06.2018 -ലെ മറുപടിക്ക്**

**പട്ടികജാതി സങ്കേതങ്ങളിൽ ആധുനിക സൗകര്യങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്നും ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഈ സർക്കാരിന്റെ കാലത്ത് അംബേദ്കർ ഗ്രാമവികസന പരിപാടി ആരംഭിച്ചു. ടി പദ്ധതി പ്രകാരം ഓരോ കോളനിയിലും പരമാവധി ഓരോ കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കായി നടത്തുവാൻ അനുമതിയുണ്ട്. ഇതിനുപുറമെ കോർപ്പസ് ഫണ്ട് വിനിയോഗിച്ചും വികസന പ്രവർത്തനങ്ങൾ നടത്തുന്നു. 200 കോടി രൂപ മേൽ ഇനങ്ങളിൽ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം പദ്ധതികളാണ് ഇതിനായി നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | നടപ്പിലാക്കി വരുന്ന പദ്ധതികൾ ഇപ്രകാരമാണ്.<br>1. ഇന്റേണൽ റോഡ്/ഫുട്പാത്ത്<br>2. ആശയ വിനിമയ സൗകര്യം<br>3. കുടിവെള്ള സൗകര്യങ്ങൾ<br>4. ഡ്രെയിനേജ് സൗകര്യങ്ങൾ<br>5. വൈദ്യുതീകരണം/ വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം<br>6. സോളാർ തെരുവു വിളക്ക് |

| | | | |
|---|---|---|---|
| | | | 7. സാനിറ്റേഷൻ<br>8. ഭവന പുനരുദ്ധാരണം<br>9. മാലിന്യ നിർമ്മാർജ്ജനം<br>10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ(സ്ഥലം ലഭ്യമാണെങ്കിൽ)<br>11. സംരക്ഷണ ഭിത്തി നിർമ്മാണം<br>12. ഇറിഗേഷൻ<br>13. അടുക്കളത്തോട്ടം<br>14. വരുമാനദായകപദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്/കരകൗശലം മുതലായവ<br>(വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി) |
| (സി) | സങ്കേതങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിവരിക്കുമോ; | (സി) | ഓരോ സങ്കേതത്തിലേക്കും ആവശ്യമായവ മേൽ പറഞ്ഞ പ്രവൃത്തികളിൽ നിന്നും തെരഞ്ഞെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ